# Malayala Manorama

# 19 August 2018

# Kochi, Fuel and Food Shortage

# ഇന്ധന - ഭക്ഷ്യവസ്തു ലഭ്യത: പേടി വേണ്ടെന്ന് അധികൃതർ

**മനോരമ ലേഖകർ**

കൊച്ചി • പല ജില്ലകളിലും ഇന്ധനലഭ്യത കുറഞ്ഞെങ്കിലും കാര്യമായ പ്രതിസന്ധിയില്ല. സംസ്ഥാനത്തെ 2020 പമ്പുകളിൽ 280 പമ്പുകളാണു വെള്ളത്തിനടിയിലായത്. 528 പമ്പുകളിലേക്ക് എത്താനാവാത്ത സ്ഥിതിയാണ്. പൂർണമായും ഒറ്റപ്പെട്ട മൂന്നാർ, നെല്ലിയാമ്പതി തുടങ്ങിയ പ്രദേശങ്ങളിലേക്ക് ഇന്നലെയും ഇന്ധനമെത്തിയില്ല.

ഇന്ധനപ്രതിസന്ധിയില്ലെന്ന എണ്ണക്കമ്പനികളുടെ ഉറപ്പിനെത്തുടർന്ന് എറണാകുളത്തു പെട്രോൾ പമ്പുകളിലെ തിരക്കൊഴിഞ്ഞു. വെള്ളം കയറിയവ ഒഴികെയുള്ള പമ്പുകൾ ഇന്നലെ തുറന്നു. ബിപിസിഎൽ കൊച്ചി റിഫൈനറിയിലെ എല്ലാ സംവിധാനങ്ങളും 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടെന്ന് ബിപിസിഎൽ കൊച്ചി, എക്സിക്യൂട്ടീവ് ഡയറക്ടർ പ്രസാദ് കെ.പണിക്കർ പറഞ്ഞു. ദുരിതാശ്വാസപ്രവർത്തകർക്കും സ്വകാര്യ വാഹന ഉടമകൾക്കും ആവശ്യമായ ഇന്ധനം പമ്പുകളിലെത്തിക്കുന്നുണ്ടെന്നും 24 മണിക്കൂർ കൺട്രോൾ റൂം തുറന്നെന്നും ഇന്ത്യൻ ഓയിൽ കോർപറേഷൻ കേരളാ മേധാവി പി.എസ്.മണി പറഞ്ഞു.

ഹിന്ദുസ്ഥാൻ പെട്രോളിയത്തിന്റെ 26 പമ്പുകൾ അടഞ്ഞുകിടക്കുന്നുണ്ടെങ്കിലും കോഴിക്കോട്ട് ഡീസൽ ക്ഷാമമില്ല. വയനാട്ടിലെ കൽപറ്റയിൽ പെട്രോളിനു ക്ഷാമം രാത്രിയോടെ പരിഹരിച്ചു. മലപ്പുറത്ത് ഇന്ധനക്ഷാമമുണ്ട്. കണ്ണൂരിൽ പ്രതിസന്ധിയില്ല. പാലക്കാട്ടെ പകുതിയോളം പമ്പുകളിലും ഇന്ധനമുണ്ട്. എന്നാൽ, ഇടുക്കിയിൽ ഇന്ധനക്ഷാമം രൂക്ഷമാണ്. ഇന്നും ടാങ്കറുകൾ ലോഡ് എടുക്കുമെന്ന് കേരളാ സ്റ്റേറ്റ് പെട്രോളിയം ട്രേഡേഴ്സ് അസോസിയേഷൻ ഭാരവാഹികൾ പറഞ്ഞു. പാചകവാതകത്തിന് ക്ഷാമമുണ്ടാകാതിരിക്കാൻ വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയതായി ബിപിസിഎൽ ചീഫ് ജനറൽ മാനേജർ പി.പീതാംബരൻ അറിയിച്ചു. സംസ്ഥാനത്തെ 279 പാചകവാതക വിതരണ ഏജൻസികൾ ഇപ്പോഴും വെള്ളത്തിനടിയിലാണെങ്കിലും വിതരണത്തിൽ കാര്യമായ തടസ്സം നേരിട്ടില്ല. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നിട്ടുണ്ട്.

## ഭക്ഷ്യവസ്തുക്കൾക്കായി നെട്ടോട്ടം

കൊച്ചി • പ്രളയംമൂലം ചരക്കുനീക്കം സ്തംഭിച്ചതും പലയിടത്തും കടകൾ അടഞ്ഞുകിടക്കുന്നതും അവശ്യവസ്തുക്കളുടെ ക്ഷാമം രൂക്ഷമാക്കുന്നു. ലഭ്യമായവയ്ക്ക് ആകട്ടെ, പൊള്ളുന്ന വിലയും.

എറണാകുളത്തെ വലിയ സൂപ്പർ മാർക്കറ്റുകളിൽപോലും സാധനങ്ങളില്ലാത്ത സ്ഥിതിയാണ്. പച്ചക്കറി വരവും നിലച്ചു. കോട്ടയത്ത് പച്ചക്കറിവില നാലിരട്ടിവരെ കൂടിയിട്ടുണ്ട്. ഇടുക്കിയിലും ആലപ്പുഴയിലും പാൽക്ഷാമം രൂക്ഷമാണ്. ഭക്ഷ്യവസ്തുക്കളുടെ പൂഴ്ത്തിവയ്പ് വ്യാപകമായതായും ചിലർ അവസരം മുതലെടുത്ത് ഉയർന്ന വില ഈടാക്കുന്നുവെന്നും പരാതിയുണ്ട്.

## റേഷൻ കടകൾ ഇന്നു പ്രവർത്തിക്കും

ഭക്ഷ്യക്ഷാമം ഉണ്ടാകാതിരിക്കാൻ സംസ്ഥാനത്തെ എല്ലാ റേഷൻ കടകളും മാവേലി സ്റ്റോറുകളും ഇന്നു തുറന്നു പ്രവർത്തിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. കൃത്രിമക്ഷാമം ഉണ്ടാക്കി വിലക്കയറ്റം സൃഷ്ടിക്കുന്നവർക്കെതിരെ 1955ലെ അവശ്യ സാധന നിയമപ്രകാരം നടപടി സ്വീകരിക്കാനും നിർദേശമുണ്ട്.

## ■ മരുന്നുക്ഷാമമില്ല

തിരുവനന്തപുരം • മരുന്നുക്ഷാമമുണ്ടാകില്ലെന്ന് ആരോഗ്യവകുപ്പ്. മെഡിക്കൽ സർവീസസ് കോർപറേഷൻമുഖേന ഒരു വർഷത്തേക്കുള്ള മരുന്നുകൾ സംഭരിച്ചിട്ടുണ്ട്. മെഡിക്കൽ കോളജുകളിൽ അധികം സ്റ്റോക്കുള്ള മരുന്നുകൾ കൂടി ക്യാംപുകളിൽ എത്തിച്ചിട്ടുണ്ട്. ഓക്സിജൻ സിലിണ്ടറുകൾ കോയമ്പത്തൂർ വഴിയാണ് എത്തിച്ചിരുന്നത്.
പ്രളയം മൂലം നാഗർകോവിൽ വഴി വാഹനങ്ങൾ തിരിച്ചുവിടാൻ നിർദേശിച്ചിട്ടുണ്ട്. ഇന്നലെ മുതൽ ഓക്സിജൻ ലഭ്യതയും ഉറപ്പാക്കി.

## ■ നോട്ട് റീച്ചബിൾ

പ്രളയബാധിത പ്രദേശങ്ങളിൽ മൊബൈൽ നെറ്റ്‌വർക്കുകൾക്ക് ഇന്നലെയും തടസ്സം നേരിട്ടു. എറണാകുളത്ത് ഫോണും ഇന്റർനെറ്റ് സേവനവും പലപ്പോഴും മുടങ്ങി. വൈദ്യുതി മുടക്കം മൊബൈൽ ടവറുകളെയും ബാധിച്ചതോടെയാണിത്. ഹൈറേഞ്ചുമായി ബന്ധപ്പെടാൻ കഴിയാത്ത സ്ഥിതിയാണ്.

ഏറെപ്പേർ കുടുങ്ങിക്കിടക്കുന്ന തൃശൂരിലെ ചാലക്കുടിയിലും മൊബൈൽ ഫോണുകൾ പണിമുടക്കി. ആമ്പല്ലൂർ മുതൽ ചാലക്കുടി വരെയുള്ള ഭാഗങ്ങളിൽ മൂന്നു ദിവസമായി ഇതാണു സ്ഥിതി. പാലക്കാട്ടെ പ്രശ്നങ്ങളും പൂർണമായി പരിഹരിക്കാനായിട്ടില്ല.